THURSDAY 30-09-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -30/09/2021

1. ഫാം ഇൻഫർമേഷൻ ബ്യൂറോ നടത്തുന്ന 2020-21 ലെ ഡിജിറ്റൽ വീഡിയോ മത്സരങ്ങളിൽ അമചർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. ഇന്നാണ് എൻട്രികൾ അയയ്ക്കേണ്ട അവസാന ദിവസം. കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പശു, എരുമ എന്നിവയ്ക്ക് ഒക്ടോബർ 5 മുതൽ 21 ദിവസം നീളുന്ന രണ്ടാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം നടത്തുന്നു. ഇതിലേക്ക് വാക്സിനേറ്റർ, സഹായികൾ എന്നിവരിൽ നിന്നും മൃഗസംരക്ഷണ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. സർവീസിൽ നിന്നും വിരമിച്ച ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാർ, ഫീൽഡ് ഓഫീസർമാർ, സർവ്വീസിലില്ലാത്തതും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ളതുമായ വെറ്ററിനറി ഡോക്ടർമാർ എന്നിവർക്ക് വാക്സിനേറ്ററായി അപേക്ഷിക്കാവുന്നതാണ്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിരമിച്ച അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ, 18 വയസ്സിനു മുകളിൽ പ്രായമുള്ള വി.എച്ച്.എസ്.സി പാസായവർ, കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയവർ, ആപ്തമിത്ര വോളന്റിയർമാർ ( കോട്ടയം ജില്ലയിൽ മാത്രം), സാമൂഹിക സന്നദ്ധ വോളന്റിയർമാർ എന്നിവർക്ക് സഹായികളായി അപേക്ഷിക്കാവുന്നതാണ്. 21 ദിവസ കാലയളവിലേക്ക് വാക്സിനേറ്റർമാർക്ക് പരമാവധി 15000 രൂപയും സഹായികൾക്ക് പരമാവധി 10000 രൂപയും ഹോണറേറിയം നൽകുന്നതാണ്. അപേക്ഷകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡേറ്റ സഹിതം നേരിട്ട് **തങ്ങൾ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻ കീഴിലുള്ള മൃഗാശുപത്രിയിലെ** ചീഫ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വെറ്ററിനറി ഓഫീസറുടേയോ സീനിയർ വെറ്ററിനറി ഓഫീസറുടേയോ വെറ്ററിനറി സർജന്റേയോ മുമ്പാകെ ഹാജരാകേണ്ടതാണ്. ഒക്ടോബർ 02-ന് ഉച്ചയ്ക്ക് 12 മണി വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. ആധാർ കാർഡിന്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

3. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനം പൂവൻകോഴിക്കുഞ്ഞുങ്ങളെ 10 രൂപ നിരക്കിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. ആവശ്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ 10.30 മുതൽ 3.30 വരെ **0479-2452277** എന്ന നമ്പരിൽ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടികൾ

4. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 16-ന്) രാവിലെ 11 മണിക്ക് **"കേരളത്തിലെ കാർഷിക വികസനം: ആധുനികവൽക്കരണത്തിന് ഒരു രൂപരേഖ"** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ പരിശീലനം നടത്തുന്നു. https://www.facebook.com/fibkerala/ എന്ന ഫേയ്സ്ബുക്ക് പേജിൽ കൂടി പരിശീലനം തത്സമയം വീക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. **സ്റ്റേറ്റ്** അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (30/09/2021-നു) വൈകിട്ട് 7 മണി മുതൽ **പേവിഷബാധ - രോഗനിർണ്ണയം, പ്രതിരോധം, നിയന്ത്രണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്

6. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആര്യ പദ്ധതിയിൽ ഉൾപ്പെടുത്തി **കൂൺകൃഷി, ചെറു തേനീച്ച വളർത്തൽ, ഇന്ത്യൻ തേനീച്ച വളർത്തൽ, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങളുടെ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**സംസ്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും, നഴ്സറി പരിപാലനം** മുതലായ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കണ്ണൂർ ജില്ലയിലെ 40 വയസ്സിനു താഴെയുള്ള കർഷകർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0460 –2226087, 8547675124** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

7. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 30 ന്) രാവിലെ 11 മണിക്ക് **പാൽ പിരിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങൾ (പനീർ – അച്ചാർ, കറി, കട്‌ലറ്റ്)** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/esm-uyaj-pni എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0492 – 2226040** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (30.09.2021) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുളള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ (മിൽക്ക് ലഡു, മിൽക്ക് സിപ്പ് അപ്പ്)** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുളളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. ആന്തൂറിയത്തിലും ഓർക്കിഡിലും ഒച്ചിന്റെ ഉപദ്രവം നിയന്തിക്കുന്നതിനായി ചട്ടിയിൽ വേപ്പിൻ പിണ്ണാക്ക് ഇട്ട് കൊടുക്കുകയും **വേപ്പെണ്ണ ഇമൾഷൻ** തളിച്ച് കൊടുക്കുകയും ചെയ്യുക. ഒച്ച് പുറത്ത് വരുന്ന സമയങ്ങളിൽ പെറുക്കിയെടുത്ത് നശിപ്പിക്കുകയും വേണം. രാത്രികാലങ്ങളിൽ നനഞ്ഞ ചണച്ചാക്കിൽ കാബേജ്, പപ്പായയുടെ ഇല എന്നിവ വിതറി ഒച്ചുകളെ ആകർഷിച്ച് വരുത്തി ശേഷം അതിരാവിലെ ഇവയെ ഉപ്പ് വിതറി നശിപ്പിക്കുക.